പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ:2848

19.06.2014-ൽ മറുപടിയ്ക്ക്

## അന്തർദേശീയ കയർ പ്രദർശന വിപണനകേന്ദ്രം

| ചോദ്യം<br>ശ്രീ.കെ.മുരളീധരൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ആർ.ശെൽവരാജ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് അന്തർദേശീയ കയർ പ്രദർശന വിപണനകേന്ദ്രം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ: വിശദമാക്കുമോ; | എ) കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ CIAL(സിയാൽ) മാതൃകയിൽ അന്തർദേശീയ നിലവാരമുള്ള സ്ഥിരം എക്സിബിഷൻ സെന്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി) കേരളത്തിന്റെ കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും പ്രത്യേകതകൾ വിദേശ രാജ്യങ്ങൾക്ക് ഉൾപ്പെടെ പരിചയപ്പെടുത്താനും കൂടുതൽ വിപണന സാദ്ധ്യതകൾ സൃഷ്ടിക്കാനുമാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. |
| സി)കയറിന്റെ ആഭ്യന്തര-വിദേശ വിപണി ശക്തിപ്പെടുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;വിശദമാക്കുമോ; | സി) ഇതിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളെ സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. |
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ? | ഡി) പ്രസ്തുത എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്നതിനായുള്ള സ്ഥലം ലഭ്യമായിട്ടില്ല. ആയതിലേയ്ക്ക് സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ